# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1695 — 03/05/2017-ൽ മറുപടിക്ക്

## കുടുംബക്ഷേമ വകുപ്പിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ പി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | കുടുംബക്ഷേമ വകുപ്പിന്റെ കീഴിലുള്ള സഹായ പദ്ധതികൾ വിശദീകരിക്കാമോ; ഈ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; | എ) | കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന സേവനങ്ങൾ നൽകുന്നു.<br>1) ഗർഭിണികൾക്ക് ജെ.എസ്.വൈ പദ്ധതി പ്രകാരം സർക്കാർ ആശുപത്രിയിലെ പ്രസവത്തിന് ഗ്രാമീണ മേഖലയിൽ 700/- രൂപയും നഗര പ്രദേശങ്ങളിൽ 600/- രൂപയും നൽകുന്നു.<br>2) ജെ.എസ്.എസ്.കെ പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ ഗർഭിണികൾക്ക് സൗജന്യ ചികിത്സ നൽകുന്നു.<br>3) സൗജന്യ രോഗ പ്രതിരോധ കുത്തിവെയ്പ്<br>4) കുടുംബാസൂത്രണ സേവനങ്ങളും, ബോധവൽക്കരണ പ്രവർത്തനങ്ങളും.<br>5) സർക്കാർ ആശുപത്രികളിൽ ആർ.കെ.എസ്.കെ/എ.കെ പദ്ധതി പ്രകാരം 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നു.<br>6) പൊതുജനങ്ങൾക്ക് ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>RSBY - Government of India Sponsered Health Insurance Scheme ആണ്. ഒരു കുടുംബത്തിലുള്ള 5 പേർക്ക് 30,000/- രൂപ വരെയുള്ള ചികിത്സ ഓരോ വർഷവും ഈ പദ്ധതി പ്രകാരം ലഭിക്കുന്നു. കൂടാതെ 60 വയസ്സിനു മുകളിലുള്ള ഓരോരുത്തർക്കും 30,000/- രൂപ വരെയുള്ള സഹായവും ലഭിക്കുന്നു. ആർ.എസ്.ബി.വൈയുടെ ഇൻഷുറൻസ് പ്രീമിയം കേന്ദ്ര സർക്കാരും കേരള സർക്കാരും ചേർന്ന് (60:40) എന്ന അനുപാതത്തിൽ കൊടുക്കുന്നു. Chis - Insurance Premium മുഴുവനും സംസ്ഥാന സർക്കാർ നൽകുന്നു. ഇത് ബി.പി.എൽ പോപ്പുലേഷനും അതോടൊപ്പം 66 കാറ്റഗറീസ് ഓഫ് സെലക്റ്റഡ് ഗ്രൂപ്പിനും വേണ്ടിയുള്ളതാണ്. Street Vendors, Domestic Worker, Beedi Workers, SC/ST, Naxal affected population, MGNREGS Workers തുടങ്ങിയവർ ഇതിൽ പെടുന്നു. ഈ ആനുകൂല്യം ലഭിക്കുന്നതിന് ഈ പദ്ധതിയിൽ ചേർന്ന് ആർ.എസ്.ബി.വൈ കാർഡ് എടുക്കേണ്ടതാണ്. അക്ഷയ കേന്ദ്രങ്ങൾ വഴി എൻറോൾ നടത്താവുന്നതാണ്. ഇതിലേയ്ക്കായി ഓരോ വർഷവും 30/- രൂപ എന്ന കണക്കിൽ ചെലവ് വരുന്നതാണ്. RSBY Empanelled Hospital വഴി ഈ സേവനം ലഭിക്കുന്നതാണ്. ഹോസ്പിറ്റൽ അഡ്മിഷൻ സമയത്ത് ആർ.എസ്സ്.ബി.വൈ കാർഡ് കൊടുക്കേണ്ടതാണ്. എ.പി.എൽ കുടുംബത്തിൽ സ്ഥിര ചികിത്സ ആവശ്യമായി വരുന്നവർക്ക് പ്രയോറിറ്റി സർട്ടിഫിക്കറ്റ് കളക്ടറിൽ നിന്നും വാങ്ങി ആർ.എസ്.ബി.വൈ പദ്ധതിയിൽ ചേരുന്നതിനുള്ള പുതിയ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. |

**രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം (RBSK)**

18 വയസ്സിന് താഴെയുള്ള കുട്ടികളിലെ ആരോഗ്യ പ്രശ്നങ്ങളെ കാലേകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള വിദഗ്ദ്ധ പരിശോധനയും, സാധാരണയായി കണ്ടുവരുന്ന 30 അസുഖങ്ങൾക്കുള്ള ചികിത്സയും പരിചരണവും സൗജന്യമായി നൽകുന്നതിനുള്ള പദ്ധതിയാണ് രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം. നവജാത ശിശുക്കളിൽ ജന്മനാൽ ഉണ്ടാകുന്ന ജനനവൈകല്യങ്ങൾക്ക് സർജറി ഉൾപ്പെടെയുള്ള വിവിധ ചികിത്സകൾ സൗജന്യമാണ്.

നവജാത ശിശുക്കളെ പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരും അനുബന്ധ ആരോഗ്യ പ്രവർത്തകരും, 6 ആഴ്ചവരെ പ്രായമായ കുഞ്ഞുങ്ങളുടെ വീടുകളിൽ സന്ദർശനം നടത്തുന്ന ജെ.പി.എച്ച്.എൻ / ആശാ മുതലായവരും 6 ആഴ്ച മുതൽ 18 വയസ്സ് വരെ പ്രായമുള്ള കുട്ടികളെ അംഗൻവാടിയിൽ വച്ചും, സർക്കാർ- എയ്ഡഡ് സ്കൂളുകളിൽ വെച്ചും, ആർ.ബി.എസ്.കെ നഴ്സുമാരും പരിശോധിക്കുന്നു. ആരോഗ്യ പ്രശ്നം കണ്ടെത്തുന്ന കുട്ടികളെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്കും ആവശ്യമെങ്കിൽ അവിടെ നിന്നും വിദഗ്ധ ചകിത്സ ലഭ്യമാകുന്ന കേന്ദ്രങ്ങളിലേയ്ക്കും റഫർ ചെയ്യുന്നു.

**ചികിത്സയും പരിചരണവും**

ശസ്ത്രക്രിയ ഉൾപ്പെടെ എല്ലാ ചികിത്സാ സേവനങ്ങളും (30 അസുഖങ്ങൾക്കുള്ള) സർക്കാർ ആശുപത്രികൾ, സർക്കാർ മെഡിക്കൽ കോളേജുകൾ, ശ്രീചിത്ര ആശുപത്രി മുഖേനയും പൂർണ്ണമായും സൗജന്യമാണ്.

ആർ.ബി.എസ്.കെ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന വളർച്ചയും വികാസവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുമുള്ള, ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിന് ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന നൂതനമായ സ്ഥാപനമാണ് ഡി.ഐ.ഇ.സി (1/ജില്ലാ). അംഗണവാടി - സ്കൂളുകളിൽ പരിശോധിച്ച് വളർച്ചയും വികാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികളെ ഡി.ഇ.ഐ.സി-കളിലേയ്ക്ക് റഫർ ചെയ്യപ്പെടുന്നു.

ഡി.ഇ.ഐ.സി.യിലേയ്ക്ക് റഫർ ചെയ്യുന്ന കുട്ടികൾക്ക് വേണ്ട ചികിത്സയും വിവിധ തെറാപ്പികളും നൽകി പരിചരിക്കുന്നു. ഈ കുഞ്ഞുങ്ങളെ തുടർ നിരീക്ഷണത്തിന് വിധേയമാക്കുന്നു. ആവശ്യമെങ്കിൽ സ്പെഷ്യാലിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നു.

സ്പെഷ്യലിസ്റ്റുകളായ ശിശുരോഗ വിദഗ്ധൻ, ദന്തൽ സർജൻ, മെഡിക്കൽ ഓഫീസർ മുതലായവരും, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കറ്റർ, ഒപ്റ്റോമെട്രിസ്റ്റ്, ദന്തൽ ഹൈജിനിസ്റ്റ് തുടങ്ങിയ വിദഗ്ധരെ ഓരോ ഡി.ഇ.ഐ.സിയിലും നിയമിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ "അനുയാത്ര" പദ്ധതിയുടെ ഭാഗമായി 23 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിക്കുന്നു. ഇതേലേക്കായി സ്പെഷ്യലിസ്റ്റുകളുടെ നിയമനം അടക്കമുള്ളവ അതതു ജില്ലകളിൽ നടന്നുവരുന്നു. (11 യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.)

ജന്മനായുള്ള ഹൃദ്രോഗ ചികിത്സയുമായി ബന്ധപ്പെട്ട് "ഹൃദ്യം" എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ പ്രവർത്തനം ആരംഭിച്ചു

**ഹൃദ്യം:**

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ആർ.ബി.എസ്.കെ പദ്ധതി പ്രകാരം കുട്ടികളിലെ (ജനനം മുതൽ 18 വയസ്സ് വരെ) ഹൃദ്രോഗത്തിന് പൂർണ്ണമായും സൗജന്യ ചികിത്സ ലഭ്യമാണ്. ഇതിനോടൊപ്പം യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കാനും, ഫോളോഅപ്പ് നടപടികളെ ഏകീകരിക്കാനും

വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ദേശീയ ആരോഗ്യ ദൗത്യം, ഐ.റ്റി വിഭാഗവും, സ്റ്റേറ്റ് ആർ.ബി.എസ്.കെ വിഭാഗവും കൂടി ഒരു സോഫ്റ്റ് വെയർ ആവിഷ്കരിച്ചിരിക്കുന്നു. ഈ സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ hridyam.in സോഫ്റ്റ് വെയർ മുഖാന്തിരം രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു.

**ആരോഗ്യ കിരണം പദ്ധതി:**

ജനനം മുതൽ പതിനെട്ട് വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ വിധത്തിലുള്ള ചികിത്സാ സഹായങ്ങളും തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം.

ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി പ്രകാരം ചികിത്സ സഹായം ലഭിക്കുന്ന മുപ്പതു രോഗങ്ങൾക്ക് പുറമേയുള്ള എല്ലാ രോഗങ്ങൾക്കും ആരോഗ്യ കിരണം പദ്ധതിയുടെ ചികിത്സ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും തന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

ഈ പദ്ധതിയിലൂടെ ഒ.പി,. ടിക്കറ്റ് എല്ലാ മരുന്നുകൾ, ആശുപത്രിയിൽ നടത്തുന്ന പരിശോധനകൾ, ചികിത്സകൾ എന്നിവ കേരളത്തിനുള്ളിലുള്ള എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും പൂർണ്ണമായി സൗജന്യമായി ലഭിക്കുന്നതാണ്. ആശുപത്രിയിൽ ലഭ്യമല്ലാത്ത മരുന്നുകൾ പരിശോധനകൾ ആശുപത്രിയുമായി എംപാനൽ ചെയ്തിട്ടുള്ള നിർദ്ദിഷ്ട മരുന്നുകൾ/ലാബുകളിൽ നിന്നും സൗജന്യമായി ലഭിക്കുന്നതാണ്.

(ആദായ നികുതി ദായകർക്കും സർക്കാർ / പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല.

മാനദണ്ഡങ്ങൾ

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ചികിത്സാ സഹായം ലഭിക്കും.

എല്ലാ സർക്കാർ ആശുപത്രികളിലും ആരോഗ്യകിരണം പദ്ധതിയിലൂടെയുള്ള ചികിത്സാ സഹായം ലഭിക്കും.

എ.പി.എൽ / ബി.പി.എൽ വ്യത്യാസം ഇല്ല.

**ഹാജരാക്കേണ്ട രേഖകൾ**

ഒ.പി. ടിക്കറ്റിനോടൊപ്പം പൂർണ്ണമായ ചികിത്സാ രേഖകൾ സാഹചര്യമനുസരിച്ച് ആശുപത്രി അധികൃതർ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

**ജനനി സുരക്ഷ യോജന (ജെ.എസ്.വൈ)**

ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങളെ പ്രോത്സാഹിപ്പിച്ച് മാതൃമരണവും ശിശുമരണവും കുറയ്ക്കുവാനുള്ള പദ്ധതിയാണ് ജനനി സുരക്ഷായോജന. 19 വയസ്സിനു മുകളിലുള്ള ബി.പി.എൽ കുടുംബങ്ങളിലെ ഗർഭിണികളായ സ്ത്രീകളാണ് ഇതിന്റെ ഗുണഭോക്താക്കൾ. ഇവരെക്കൂടാതെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും ബി.പി.എൽ സർട്ടിഫിക്കേറ്റ് ഇല്ലെങ്കിൽ പോലും ഈ സേവനം ലഭ്യമാണ്. സർക്കാർ ആശുപത്രികളിലും പ്രത്യേക അംഗീകാരം നൽകിയ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലെയും പ്രസവങ്ങൾക്കാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. നഗരങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്കാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. നഗരങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്ക് 600/- രൂപ വച്ചും ഗ്രാമങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്ക് 700/- രൂപ വച്ചും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതു കൂടാതെ സാമ്പത്തിക നില

പരിഗണിക്കാതെ എല്ലാ പട്ടികജാതി വർഗ്ഗത്തിൽപ്പെടുന്ന എല്ലാ അമ്മമാർക്കും 500/- രൂപ വീട്ടിൽ വച്ചുള്ള പ്രസവങ്ങൾക്കും നൽകുന്നു.

**ജനനീ ശിശു സുരക്ഷാ കാര്യക്രം:**

**(അമ്മയും കുഞ്ഞും പദ്ധതി)**

അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി രാജ്യത്ത് ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികളും ഒരു വയസ്സുവരെ അസുഖമുള്ള എല്ലാ കുട്ടികളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നു. ഈ പദ്ധതി വഴിയുള്ള സേവനങ്ങൾ അമ്മയുടെയും കുഞ്ഞിന്റെയും അവകാശമായി പരിഗണിക്കുന്നു.

ഗർഭിണികൾക്കുള്ള അവകാശങ്ങൾ

1.സൗജന്യ പ്രസവ ചികിത്സ സൗജന്യ സിസേറിയൻ

2. സൗജന്യ പരിശോധനകൾ. മരുന്നുകൾ

3. സൗജന്യ താമസവും ഭക്ഷണവും - സാധാരണ പ്രസവത്തിന് മൂന്നു ദിവസം. സിസേറിയന് 7 ദിവസം (പേവാർഡ് ഉപയോഗിച്ചാൽ വാടക ഇതിൽപെടുന്നില്ല)

4. സൗജന്യ രക്തദാനം

5. പ്രസവത്തിനായി ആശുപത്രിയിലേക്കും, പ്രസവാനന്തരം വീട്ടിലേക്കും റഫർ ചെയ്യുമ്പോഴും സൗജന്യ യാത്രാസൗകര്യം.

6. എല്ലാ ആസുപത്രി ചെലവുകളും (ഒ.പി.ടിക്കറ്റ് ചാർജ് ഉൾപ്പെടെ) സൗജന്യം

7. പ്രസവാനന്തരം 42 ദിവസം വരെ ചികിത്സാ ചെലവ് സൗജന്യം.

**ഒരു വയസ്സുവരെയുള്ള അസുഖമുള്ള കുട്ടികൾക്കുള്ള അവകാശങ്ങൾ**

1.സൗജന്യ മരുന്നും മറ്റു പരിശോധനാ ചികിത്സാ സൗകര്യങ്ങളും.

2. വിട്ടിൽ നിന്നും ആശുപത്രിയിലേയ്ക്കും, റഫർ ചെയ്യുമ്പോൾ മറ്റ് ആശുപത്രിയിലേക്കും തിരിച്ച് വീട്ടിലേക്കും സൗജന്യയാത്ര.

**സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പൂവർ**

ഈ പദ്ധതി പ്രകാരം പാവപ്പെട്ട രോഗികൾക്കുള്ള ചികിത്സാ ധനസഹായ പദ്ധതി നിലവിലുണ്ട്. 3 ലക്ഷം രൂപയിൽ താഴെ വരുമാനമുള്ള ആശുപത്രിയിൽ കിടത്തി ചികിത്സ നടത്തി വരുന്ന രോഗികൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നത്. ഒരു രോഗിക്ക് 50,000 രൂപയാണ് ധനസഹായം നൽകുന്നത്. നിർദ്ദിഷ്ട മാതൃകയിൽ ഉള്ള അപേക്ഷ, ചികിത്സിക്കുന്ന ഡോക്ടറുടെ സാക്ഷ്യപത്രം, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കേറ്റ് എന്നിവ സഹിതം സൊസൈറ്റിയുടെ മെമ്പർ സെക്രട്ടറി ആയ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർക്ക് നൽകേണ്ടതാണ്. ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹതയുള്ള രോഗികളെ, അപേക്ഷ, രോഗം ചികിത്സ നടത്തിവരുന്ന സ്ഥാപനം എന്നിവയുടെ അടിസ്ഥാനത്തിൽ കണ്ടെത്തുന്നു.

**ആരോഗ്യ മന്ത്രിയുടെ ക്ഷേമ നിധിയിൽ നിന്നുള്ള ധനസഹായം**

മൂന്ന് ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ള തുടർ ചികിത്സ നടത്തിവരുന്ന രോഗികൾക്ക് ഈ പദ്ധതി മുഖേന 2000/- രൂപ ധനസഹായം നൽകുന്നു. സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ്സ് റ്റു ദി പൂവർ എന്ന പദ്ധതി മുഖേന ധനസഹായം നൽകാത്ത രോഗങ്ങൾക്കാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നത്. വെള്ളപേപ്പറിൽ എഴുതിയ അപേക്ഷ ചികിത്സിക്കുന്ന ഡോക്ടറുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ നൽകേണ്ടതാണ്.

| | | |
|---|---|---|
| ബി) | കുടുംബക്ഷേമ വകുപ്പിന്റെ ഓഫീസ് ഘടന (സംസ്ഥാനതലം - ജില്ലാതലം തുടങ്ങിയവ)യും, അവയുടെ പ്രവർത്തനങ്ങളും വ്യക്തമാക്കാമോ? | ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭാഗമായാണ് കുടുംബക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നത്. കുടുംബക്ഷേമത്തിനായി പ്രത്യേക വകുപ്പ് പ്രവർത്തിക്കുന്നില്ല.<br>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി പ്രത്യേക വിഭാഗം പ്രവർത്തിക്കുന്നു.<br>കുടുംബക്ഷേമ വകുപ്പിന്റെ ആഫീസുകൾ<br>1. സെക്രട്ടേറിയറ്റിലെ കുടുംബക്ഷേമ വകുപ്പ്<br>2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം<br>3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന കുടുംബക്ഷേമ ബ്യൂറോ<br>4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന ഹെൽത്ത് ട്രാൻസ്പോർട്ട് ആഫീസ്<br>5. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫയർ, തിരുവനന്തപുരം<br>6. ഹെൽത്ത് & ഫാമിലി വെൽഫയർ സെന്റർ, കോഴിക്കോട്<br>7. കോട്ടയം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്ന ട്രെയിനിംഗ് സ്കൂളുകൾ<br>8. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന സബ് സെന്ററുകൾ<br>9. ബ്ലോക്ക് പി.എച്ച്.സികൾ/സി.എച്ച്.സികളിലെ പോസ്റ്റ്പാർട്ടം സെന്ററുകൾ<br>10. താലൂക്ക് ലെവൽ ഹോസ്പിറ്റലുകളിലെ പോസ്റ്റ്പാർട്ടം സെന്ററുകൾ<br>11. ജില്ലാ ഹോസ്പിറ്റലുകൾ മറ്റ് മേജർ ആശുപത്രികൾ എന്നിവിടങ്ങളിലെ പോസ്റ്റ്പാർട്ടം സെന്ററുകൾ ജനസംഖ്യാ വളർച്ച കുറച്ച് സ്ഥിരത കൈവരിക്കുന്നതിനായുള്ള കുടുംബാസൂത്രണ പ്രവർത്തനങ്ങൾ കൂടാതെ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിരക്ഷ, ഇമ്മ്യൂണൈസേഷൻ, കൗമാരപ്രായക്കാരുടെ ആരോഗ്യം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുക, പ്രസ്തുത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബോധവൽക്കരണ – ശീലവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, ആരോഗ്യ പ്രവർത്തകർക്ക് ആവശ്യമായ ട്രെയിനിംങ് നൽകുക, പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ വാഹനങ്ങളുടെ വിതരണവും അറ്റകുറ്റപ്പണികളും നടത്തുക തുടങ്ങിയ സംസ്ഥാനതലത്തിലും ജില്ലാതലത്തിലുമുള്ള പ്രവർത്തനങ്ങളാണ് കുടുംബക്ഷേമ വിഭാഗത്തിൽ കൈകാര്യം ചെയ്യുന്നത്.<br>ഇതിനായുള്ള സ്ഥിരം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മറ്റ് ശമ്പളേതര ചെലവുകൾക്കുമായുള്ള തുക സംസ്ഥാന ബഡ്ജറ്റിലൂടെ വകയിരുത്തുകയും ടി പദ്ധതികൾക്കായുള്ള കേന്ദ്ര ധനസഹായം (60:40) അനുപാതമനുസരിച്ച് കേന്ദ്ര സർക്കാരിൽ നിന്നും നേടിയെടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ഫാമിലി വെൽഫെയൽ ബ്യൂറോയിൽ സ്വീകരിക്കുന്നു. |

സെക്ഷൻ ഓഫീസർ